പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3603 08.11.2019-ലെ മറുപടിക്ക്

## ഹരിപ്പാട് കെ.എസ്.ആർ.ടി. സി.ഡിപ്പോയിൽ നിന്നും നിർത്തലാക്കിയ ഷെഡ്യൂളുകൾ

ചോദ്യം — ശ്രീ.റോജി എം. ജോൺ

മറുപടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന എത്ര ഷെഡ്യൂളുകളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നിർത്തലാക്കിയത്; ഇവയുടെ വിശദാംശം നൽകുമോ; | (എ) | ഹരിപ്പാട് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ചുവടെ ചേർത്തിട്ടുള്ള 4 സർവ്വീസുകളാണ് ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഭാഗമായി നിർത്തലാക്കിയത്.<br>1. 05.50 തൃശ്ശൂർ (SFP)<br>2. 07.20 എറണാകുളം (FP)<br>3. 06.20 തിരുവനന്തപുരം (FP)<br>4. 08.10 ആലപ്പുഴ (FP) |
| (ബി) | യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഗണിച്ച് നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിന് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായാണ് ഹരിപ്പാട് ഡിപ്പോയിൽ നിന്നുമുള്ള ടി സർവ്വീസുകൾ നിർത്തലാക്കി പകരം ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ സർവ്വീസുകൾ ക്രമീകരിച്ചിട്ടുള്ളതിനാൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ